**മാലിന്യത്തിന്റെ ഉറവിടങ്ങളോട്
നഗരമാലിന്യങ്ങൾ പേറുന്ന കേരളത്തിലെ
സമരമുഖങ്ങൾ ചോദിച്ചുതുടങ്ങിയിരിക്കുന്ന
അടിസ്ഥാന ചോദ്യങ്ങൾക്കുള്ള മറുപടിക്ക്
മാത്രമാണ് ഇനി പ്രശ്നപരിഹാരത്തിലേക്കുള്ള
ആത്മാർത്ഥമായ വഴി തുറക്കാൻ കഴിയുന്നത്.
മാലിന്യം സൃഷ്ടിക്കുന്ന ഉറവിടങ്ങളുടെ
മനഃസ്ഥിതിക്കുമുന്നിൽ ആ ചോദ്യങ്ങൾ
വയ്ക്കുന്നു**

**കേരളീയം വാർത്താശൃംഖല**

# വിഴുപ്പ് ഗ്രാമങ്ങൾ ഉപഭോഗ നഗരങ്ങളോട്

**പാഴ്‌വസ്തുക്കളുടെ** ഇടം പടിക്കുപുറത്താണെന്ന് നിശ്ചയിച്ചുറപ്പിച്ച കേരളീയർ അനിവാര്യമായ ഒരു മാലിന്യദുരന്തത്തിന്റെ പടിക്കൽ പകച്ചുനിൽക്കുന്ന നാളുകളാണ് കടന്നുപോകുന്നത്. ഉപയോഗത്തിന്റെ നടപ്പുരീതികൾ പ്രകാരം അസ്ഥാനത്ത് കുടിയിരുത്തപ്പെട്ട പാഴ്‌വസ്തുക്കൾ, കാഴ്ചപ്പാടൊന്നുമാറ്റിയാൽ വിഭവങ്ങളായി മാറുമെന്ന് തിരിച്ചറിയാതെ നമ്മൾ തെരുവിൽ തള്ളിക്കൊണ്ടേയിരിക്കുന്നു. നഗരങ്ങളിലെ വഴിയോരങ്ങളിൽ മാരകരോഗങ്ങളുടെ പുതിയ ജീനുകൾ പിറക്കുന്ന ദുരിതക്കൂനകളായി മാറിയ ആ പാഴ്(?)വസ്തുക്കൾ വലിച്ചെറിഞ്ഞവരെ തന്നെ പരീക്ഷിക്കാൻ തുടങ്ങിയതോടെ മാലിന്യസംസ്കരണത്തിനായുള്ള മുറവിളികൾ നാടെങ്ങും ഉയരാൻ തുടങ്ങിയിരിക്കുന്നു. ജനങ്ങൾക്കുള്ള ഉത്തരവാദിത്തം പോലുമില്ലാത്ത ഭരണസ്ഥാപനങ്ങൾ പ്രശ്നം പരിഹരിക്കാനൊരുക്കിയ കേന്ദ്രീകൃത സംവിധാനങ്ങളെല്ലാം പ്രതീക്ഷയ്ക്കുപോലും ഇടം നൽകാതെ പൊളിഞ്ഞു. നഗരവിഴുപ്പ് പേറേണ്ടി വന്ന പൊതുസംസ്കരണ കേന്ദ്രങ്ങൾ സമരകേന്ദ്രങ്ങളായി മാറി. നഗര-ഗ്രാമ സംഘർഷങ്ങൾ ചവർ കൾച്ചറിന്റെ ഉപോൽപ്പന്നമായി. നഗരമാലിന്യം പേറാൻ വിധിക്കപ്പെട്ടതെല്ലാം പാർശ്വവൽകരിക്കപ്പെട്ടവരും ന്യൂനപക്ഷങ്ങളും തിങ്ങിപ്പാർത്തിരുന്ന ഇടങ്ങളായിരുന്ന എന്ന അധികാരത്തിന്റെ വരേണ്യ അജണ്ട ഇവിടെയും കൃത്യമായി നടപ്പിലാക്കപ്പെട്ടു. ഉറവിടത്തിൽ തന്നെ പരിഹാരം എന്ന ഉപഭോഗനഗരങ്ങൾക്ക് ഇനിയും മനസ്സിലാകാത്ത മുദ്രാവാക്യവുമായി ലാലൂരും, വിളപ്പിൽശാലയും, ബ്രഹ്മപുരവും, ചേലോറയുമെല്ലാം സമരമുഖം തുറന്നു. ചവർ ലോറികൾ തടയപ്പെട്ടു. ഭരണകൂടവും രാഷ്ട്രീയപാർട്ടികളും പോലീസും കോടതിയും എല്ലാക്കാലത്തും എതിരായി നിന്നിട്ടും ഈ അതിജീവന സമരങ്ങൾ അപ്രത്യക്ഷമാവുകയോ അവരുന്നയിക്കുന്ന അടിസ്ഥാന മുദ്രാവാക്യങ്ങൾ നിശബ്ദമാവുകയോ ചെയ്തില്ല. എന്നാൽ പരിഹാര മാർഗ്ഗങ്ങളുമായെത്തുന്ന ഭരണാധികാരികൾ അതിനൂതന സാ



പോലീസിന്റെ സഹായത്തോടെ മാലിന്യം നിക്ഷേപിക്കാനുള്ള നീക്കത്തെ ചെറുത്തു തോൽപ്പിച്ച വിളപ്പിൽശാലയിലെ സ്ത്രീകൾ ആഹ്ലാദം പങ്കിടുന്നു

ങ്കേതികവിദ്യകളുടെ പിൻബലമുള്ള കേന്ദ്രീകൃത മാലിന്യസംസ്കരണ മാതൃകകളെ കേരളത്തിൽ കുടിയിരുത്താനുള്ള അവസരമായാണ് ഈ പ്രതിസന്ധിയെ കാണുന്നത്.

മാലിന്യം സൃഷ്ടിക്കുന്ന മനോഭാവത്തിനെ സാങ്കേതികവിദ്യകൊണ്ട് പരിഹരിക്കാൻ കഴിയില്ലെന്ന് സമരം ചെയ്യുന്ന ജനങ്ങൾ തിരിച്ചറിയുന്നുണ്ടെങ്കിലും സർക്കാറിന് ഇന്നും ടെക്നോളജി മഹാശ്ചര്യം തന്നെ. എ.ഡി.ബിയുടെ വായ്പകൊണ്ട് പലകാലങ്ങളിൽ വാങ്ങിക്കൂട്ടിയ അത്യാന്താധുനിക മാലിന്യസംസ്കരണ സംവിധാനങ്ങൾ ലാലൂരിലും വിളപ്പിൽശാലയിലും കിടന്ന് തുരുമ്പെടുക്കുന്നതും പലകാലങ്ങളിൽ പറഞ്ഞ സംസ്കരണ വാഗ്ദാനങ്ങൾ ഫയലുകളിൽ ചിതലരിക്കുന്നതും കാണുന്ന ജനകീയ സമരക്കാർ വീണ്ടും സംസ്കരണ കേന്ദ്രങ്ങൾ തുറക്കുന്ന സാങ്കേതികവിദ്യകളോട് ഇപ്പോൾ കലഹിച്ചുതുടങ്ങിയിരിക്കുന്നു. മാലിന്യസംസ്കരണ കേന്ദ്രങ്ങൾ തുടങ്ങുന്നതിനായി പുതിയതായി ഒരു സ്ഥലവും ജനങ്ങൾ അനുവദിക്കില്ലെന്ന സാഹചര്യം നിലനിൽക്കുന്നതിനാൽ ഏത് സാങ്കേതിക ഇറക്കുമതിയുടെയും പരീക്ഷണ എലികൾ തങ്ങൾ തന്നെയാകുമെന്ന് മാലിന്യവിരുദ്ധ സമരക്കാർക്ക് ഉറപ്പുണ്ട്. അതിനാൽതന്നെ അവരുടെ സമരങ്ങളും കൂടുതൽ കരുത്താർജ്ജിക്കുകയാണ്. കാക്കിപ്പടയും നിരോധനാജ്ഞയും മാത്രമാണ് ഈ പ്രതിഷേധങ്ങൾക്ക് വിലങ്ങിടാൻ സർക്കാറിന്റെ മുന്നിലെ ഏക വഴി. പക്ഷെ വർഷങ്ങളായി അവരുതിർക്കുന്ന കണ്ണീരിനുമുന്നിൽ ടിയർ ഗ്യാസ് ഷെല്ലുകൾ പരാജയം സമ്മതിക്കുന്ന കാഴ്ചയാണ് വിളപ്പിൽശാലയിൽ കണ്ടത്.

സമരം ചെയ്യുന്നവരുടെ സാമാന്യയുക്തിക്ക് മുന്നിൽ സാങ്കേതികവിദ്യയുടെ സങ്കീർണ്ണയുക്തിക്ക് അടിപതറിതുടങ്ങിയിരിക്കുന്നു. ഇൻസിനറേറ്ററെന്നും പൈറോലിസിസെന്നുമുള്ള സാങ്കേതിക പദാവലികളൊന്നും ഇന്ന് അവരെ തൃപ്തിപ്പെടുത്തുന്നില്ല. മാലിന്യത്തിന്റെ ഉറവിടങ്ങളോട് സമരമുഖങ്ങൾ ചോദിച്ചുതുടങ്ങിയിരിക്കുന്ന അടിസ്ഥാന ചോദ്യങ്ങൾക്കുള്ള മറുപടിക്ക് മാത്രമാണ് ഇനി പ്രശ്നപരിഹാരത്തിലേക്കുള്ള ആത്മാർത്ഥമായ വഴി തുറക്കാൻ കഴിയുന്നത്. മാലിന്യം സൃഷ്ടിക്കുന്ന ഉറവിടങ്ങളുടെ മനഃസ്ഥിതിയെ പരിവർത്തനപ്പെടുത്താൻ യന്ത്രങ്ങൾ ഇനിയും കണ്ടുപിടിക്കപ്പെട്ടിട്ടില്ല. മനുഷ്യത്വം മാത്രമാണ് അതിനുള്ള ഉപായം. ചവർലോറികൾ തടഞ്ഞുകൊണ്ട് വിഴുപ്പുഗ്രാമങ്ങൾ ഉപഭോഗനഗരങ്ങളോട് ആവശ്യപ്പെടുന്നതും അതാണ്, ദൗർഭാഗ്യവശാൽ ഒട്ടും കൊടുക്കാനില്ലാത്തതും. മനുഷ്യപങ്കാളിത്തമുള്ള മാലിന്യസംസ്കരണ സംവിധാനങ്ങളിലൂടെ മനുഷ്യത്വം നിർമ്മിച്ചെടുക്കാനുള്ള ശ്രമം കൂടിയാകും മാലിന്യപ്രശ്നത്തിന്റെ പരിഹാരമെന്ന അടിസ്ഥാന ചിന്തകൂടി കേരളത്തിന് നൽകാൻ കഴിയുമ്പോഴാണ് ഈ സമരമുഖങ്ങൾ കൂടുതൽ അർത്ഥപൂർണ്ണമാകുന്നത്. അവർ അതും പറഞ്ഞുതുടങ്ങിയിരിക്കുന്നു. അവർ പറയുന്നതൊന്നും പാഴാക്കാതെ നമുക്ക് കേട്ടുതുടങ്ങാം.

## ‘പാഴ്’വാക്കുകൾ

### വിളപ്പിൽശാല

തിരുവനന്തപുരം ജില്ലയിലെ നേമം ബ്ലോക്കിന് കീഴിൽ വരുന്ന കാർഷിക ഗ്രാമമാണ് വിളപ്പിൽശാല പഞ്ചായത്ത്. നഗരത്തിലെ മാലിന്യങ്ങൾ നിർമ്മാർജ്ജനം ചെയ്യുന്നതിനായി ഒരു സ്ഥിരം സംവിധാനത്തെക്കുറിച്ച് 1993 മുതൽ തിരുവനന്തപുരം നഗരസഭ ചിന്തിച്ചുതുടങ്ങിയതോടെയാണ് വിളപ്പിൽശാലക്കാരുടെ ദുരിതം തുടങ്ങുന്നത്. മാലിന്യം സംസ്കരിക്കാനുള്ള ഫാക്ടറി നിർമ്മിക്കാനാണെന്ന് പറഞ്ഞ് ആറേക്കറോളം സ്ഥലം നഗരസഭ അവിടെ വാങ്ങി. മാലിന്യസംസ്കരണ ഫാക്ടറിയാണ് വരാൻ പോകുന്നതെന്ന് വിശ്വസിച്ച നാട്ടുകാരെ വഞ്ചിച്ചുകൊണ്ട് അക്കാലം മുതൽ നഗരമാലിന്യങ്ങൾ നഗരസഭ അവിടെ കുന്നുകൂട്ടിയിടാൻ തുടങ്ങി.

ഏറെ വർഷങ്ങൾക്കു ശേഷം 2000 ജൂൺ അഞ്ചിനാണ് വിളപ്പിൽശാലയിൽ ചവർസംസ്കരണ ഫാക്ടറി കോർപ്പറേഷൻ ആരംഭിക്കുന്നത്. എന്നാൽ സംസ്കരണ ഫാക്ടറിക്ക് നാട്ടുകാർ അനുഭവിക്കുന്ന ദുരിതം കുറയ്ക്കാൻ കഴിഞ്ഞില്ല എന്നുമാത്രമല്ല, പ്ലാന്റിന്റെ നടത്തിപ്പ് ചുമതല കോർപ്പറേഷൻ ഏൽപ്പിച്ച പോബ്സൺ ഗ്രൂപ്പ് വലിയൊരു മാലിന്യമല തന്നെ അവിടെ സൃഷ്ടിച്ച് മുങ്ങി. ദിനംപ്രതി 300 ടൺ മാലിന്യങ്ങൾ നഗരസഭ ലഭ്യമാക്കണമെന്നും വീഴ്ചയുണ്ടായാൽ പ്രതിദിനം 4,999 രൂപ കമ്പനിക്കു പിഴ നൽകാമെന്നുമായിരുന്നു പോബ്സണുമായി ഒപ്പിട്ട കരാറിൽ സമ്മതിച്ചിരുന്നത്.

ഒരു ദിവസം പോലും അത്രയും മാലിന്യങ്ങൾ ശേഖരിച്ചു നൽകാൻ നഗരസഭയ്ക്ക് കഴിഞ്ഞില്ല. പ്രതിദിനം 300 ടൺ മാലിന്യങ്ങൾ കിട്ടാതെ സംസ്കരണം നടക്കില്ല എന്നുപറഞ്ഞ്

പോബ്സ് മാലിന്യങ്ങൾ വിളപ്പിൽശാലയിൽ വെറുതെയിട്ടു. ഏഴ് വർഷം പ്ലാന്റ് നടത്തിയ പോബ്സ് കമ്പനി പ്രദേശത്ത് സംസ്കരിക്കാതെ കൂട്ടിയിട്ടത് ഏതാണ്ട് നാല് ലക്ഷം ടൺ മാലിന്യങ്ങളാണ്. ഈ മാലിന്യങ്ങളിൽ നിന്നും ഒലിച്ചിറങ്ങിയ മലിനജലം സമീപത്തുള്ള മീനമ്പിള്ളി തോട്ടിലേക്കും (മീനമ്പിള്ളി തോടിന്റെ നീർമറി പ്രദേശത്താണ് പ്ലാന്റ് സ്ഥിതി ചെയ്യുന്നത്) അതുവഴി കുടിവെള്ള പമ്പിംഗ് നടത്തുന്ന കരമനയാറ്റിലേക്കുമെത്തി.

പരിസരമലിനീകരണം നടത്തിയ പോബ്സിനെ നിയമനടപടികളൊന്നുമെടുക്കാതെ സർക്കാർ വിദഗ്ധമായി ഒഴിവാക്കി. പരാജയം സമ്മതിക്കാത്ത കോർപ്പറേഷൻ 2008ൽ പ്ലാന്റ് നേരിട്ട് ഏറ്റെടുക്കുകയും മാലിന്യങ്ങൾക്ക് മുകളിൽ ഹൈഡെൻസിറ്റി പോളി എത്തിലിൻ ഷീറ്റ് വിരിച്ചുകൊണ്ട് ക്യാപ്പിംഗ് നടത്താൻ തീരുമാനിക്കുകയും ചെയ്തു. അതും പരാജയപ്പെട്ടതോടെയാണ് തദ്ദേശീയരുടെ സമരം ശക്തമാകുന്നത്.

**ബുർഹാൻ**

*(ജനകീയ സമിതി പ്രവർത്തകൻ, വിളപ്പിൽശാല)*

വർഷങ്ങളായി നഗരസഭ വിളപ്പിൽശാലയിലെ ജനങ്ങളെ വഞ്ചിച്ചുകൊണ്ടിരിക്കുകയാണ്. ഏഴെട്ടുവർഷമായി മാലിന്യങ്ങൾ വിളപ്പിൽശാലയിൽ തള്ളി ഞങ്ങളുടെ ജീവിതം ദുസ്സഹമാക്കിയ പോബ്സിനെതിരെ കൊലക്കുറ്റത്തിന് കേസെടുക്കുന്നതിന് പകരം നഷ്ടപരിഹാരം കൊടുത്ത് അവരെ ഒഴിവാക്കുകയാണ് സർക്കാർ ചെയ്തത്. പിന്നീട് നഗരസഭ നേരിട്ട് ക്യാപ്പിംഗ് നടത്തിയിട്ടും കാര്യമുണ്ടായില്ല. ജനങ്ങളുടെ ജീവിതം ഇപ്പോഴും ദുസ്സഹമായി തുടരുകയാണ്. പ്ലാന്റ് തുടങ്ങുന്ന കാലത്ത് തന്നെ നാട്ടുകാർ സമരവുമായി രംഗത്തുണ്ടായിരുന്നു. പല കാലങ്ങളിൽ പലരേയും കേസിൽ കുടുക്കിയതോടെയാണ് സമരം നിർജ്ജീവമായത്. മാത്രമല്ല ആദ്യകാലത്ത് സമരത്തെ സജീവമായി പിന്തുണച്ചിരുന്ന രാഷ്ട്രീയകക്ഷികളെല്ലാം പിന്നീട് പിന്മാറി. മാലിന്യമുണ്ടാക്കുന്ന പ്രശ്നങ്ങൾ ഒരുതരത്തിലും സഹിക്കാൻ കഴിയാതെ വന്നപ്പോഴാണ് 2011 ജനുവരി 9 രാഷ്ട്രീയക്കാരൊന്നുമില്ലാത്ത ജനങ്ങളുടെ സമരസമിതി ശക്തമായ സമരവുമായി വീണ്ടും രംഗത്തുവരുന്നത്. രാഷ്ട്രീയ നേതൃത്വങ്ങളെല്ലാം സമരങ്ങളെ പരാജയപ്പെടുത്താൻ ശ്രമിച്ചെങ്കിലും സമരം മുന്നോട്ട് പോയി. സമരത്തിന്റെ ശക്തി ചോരാതിരിക്കാൻ ഞങ്ങൾ പഞ്ചായത്തിൽ 110 യൂണിറ്റുകളുണ്ടാക്കി. ഒരു യൂണിറ്റിൽ നൂറോളം വീടുകളുണ്ടാകും. ഈ യൂണിറ്റുകളായിരുന്നു സമരത്തെ സജീവമാക്കിയത്. 2011 സെപ്തംബറിൽ ഞങ്ങൾ ചവർലോറികൾ തടയാൻ തുടങ്ങിയതോടെയാണ് കോർപ്പറേഷൻ വിഷയം ഗൗരവമായെടുത്തതും ഞങ്ങളെ ചർച്ചയ്ക്ക് വിളിച്ചതും. മൂന്ന് മാസത്തെ സാവകാശമാണ് അന്ന് അവർ ആവശ്യപ്പെട്ടത്. ഒന്നും നടക്കാത്തതിനാൽ ഡിസംബർ 20 മുതൽ വീണ്ടും മാലിന്യനീക്കം തടഞ്ഞു. അതോടെ നഗരത്തിൽ നിന്നും മാലിന്യം ഇവിടേക്ക് വരാതെയായി. സമരസമിതിയോടൊപ്പമില്ലാതിരുന്ന വിളപ്പിൽ പഞ്ചായത്ത് സജീവമായത് അപ്പോഴാണ്.

ഡിസംബർ 23ന് അവർ മാലിന്യ സംസ്കരണ പ്ലാന്റ് പൂട്ടി. അതിൽ പ്രതിഷേധിച്ച് നഗരസഭ ഹൈക്കോടതിയിൽ പോവുകയും പ്ലാന്റ് തുറക്കാൻ കോടതി ആവശ്യപ്പെടുകയും ചെയ്തു. കോടതിവിധിയുടെ അടിസ്ഥാനത്തിൽ സർക്കാർ പ്ലാന്റ് തുറക്കുന്നതിന് സംരക്ഷണം നൽകാൻ പോലീസിന് ഉത്തരവ് നൽകി. അതിന്റെ അടിസ്ഥാനത്തിലാണ് ചവർലോറികളുമായി 2012 ഫെബ്രുവരി 13ന് വൻ പോലീസ് സന്നാഹം വിളപ്പിൽശാലയിലെത്തുന്നത്. ശക്തമായി ജനങ്ങൾ അതിനെ നേരിട്ടു. തീർത്തും സമാധാനപൂർണ്ണമായ സമരമായിരുന്നു. പോലീസാണ് പ്രശ്നമുണ്ടാക്കിയത്. എന്നിട്ടും ജനങ്ങൾ അഹിംസാത്മകമായി അതിനെ നേരിട്ടു. ഒടുവിൽ പരാജയം സമ്മതിച്ച് അവർക്ക് മടങ്ങിപ്പോകേണ്ടിവന്നു. നിരോധനാജ്ഞ പ്രഖ്യാപിച്ച് സമരത്തെ നേരിടാനാണ് ഇപ്പോൾ ശ്രമിക്കുന്നത്. ഞങ്ങൾക്ക് ഒരു നിരോധനാജ്ഞയും പ്രശ്നമല്ല. വിളപ്പിൽശാല പ്രശ്നം പരിഹരിക്കാതെ ഒരു ചവർ



പത്ത് വർഷത്തിലധികമായി വിളപ്പിൽശാലയിൽ കൂടികിടക്കുന്ന മാലിന്യങ്ങൾ

**ഏഴെട്ടുവർഷമായി മാലിന്യങ്ങൾ വിളപ്പിൽശാലയിൽ തള്ളി ഞങ്ങളുടെ ജീവിതം ദുസ്സഹമാക്കിയ പോബ്സിനെതിരെ കൊലക്കുറ്റത്തിന് കേസെടുക്കുന്നതിന് പകരം നഷ്ടപരിഹാരം കൊടുത്ത് അവരെ ഒഴിവാക്കുകയാണ് സർക്കാർ ചെയ്തത്. പിന്നീട് നഗരസഭ നേരിട്ട് ക്യാപ്പിംഗ് നടത്തിയിട്ടും കാര്യമുണ്ടായില്ല. ജനങ്ങളുടെ ജീവിതം ഇപ്പോഴും ദുസ്സഹമായി തുടരുകയാണ്**

ലോറിയും ഇവിടേക്ക് വരാൻ ഞങ്ങൾ അനുവദിക്കില്ല. വലിയ കമ്മീഷൻ കിട്ടുന്ന ചില പ്രോജക്ടുകളാണ് പരിഹാരമായി നഗരസഭയും സർക്കാറും പറയുന്നത്. വീണ്ടും പരീക്ഷണശാലയാകാൻ വിളപ്പിൽശാലയെ ഞങ്ങൾ അനുവദിക്കില്ല.

വികേന്ദ്രീകൃതമായി മാലിന്യങ്ങൾ സംസ്കരിക്കണമെന്ന് തന്നെയാണ് ഞങ്ങൾ ആവശ്യപ്പെടുന്നത്. വിളപ്പിൽശാല അടഞ്ഞുകിടന്നിട്ടും നഗരത്തിൽ വലിയ മാലിന്യപ്രശ്നമൊന്നുമുണ്ടായില്ല. നഗരവാസികൾക്ക് മാലിന്യങ്ങൾ വികേന്ദ്രീകൃതമായി കൈകാര്യം ചെയ്യാനറിയാം. വിളപ്പിൽശാലയിലേക്ക് കൊടുത്തുവിടാമെന്ന അവസ്ഥ നിലനിൽക്കുന്നതുകൊണ്ടാണ് അവർ എല്ലാം പുറംതള്ളുന്നത്. അത് ആദ്യം അവസാനിപ്പിക്കണം.

## ലാലൂർ

ശക്തൻതമ്പുരാൻ നാടുഭരിച്ചിരുന്ന കാലം മുതൽ ലാലൂർ തൃശൂരിന്റെ മാലിന്യനിക്ഷേപ കേന്ദ്രമാണ് ലാലൂർ. അന്ന് മലമാണ് വന്നിരുന്നെങ്കിൽ പിന്നീട് അതുനിൽക്കുകയും നഗരം വളർന്നുതുടങ്ങിയതിന്റെ ഭാഗമായുള്ള മറ്റ് മാലിന്യങ്ങൾ വരാൻ തുടങ്ങുകയും ചെയ്തു. നാട്ടുകാരുടെ പ്രതിഷേധം പല കാലങ്ങളിലുമുണ്ടായിരുന്നെങ്കിലും 1988 ലാണ് എ.വി. ആര്യന്റെ നേതൃത്വത്തിൽ സമരസമിതി രൂപീകരിച്ച് സമരം തുടങ്ങുന്നത്. മാലിന്യം മൂലമുണ്ടാകുന്ന പ്രശ്നങ്ങൾ രൂക്ഷമാകുമ്പോഴൊക്കെ സമീപത്തെ കുടുംബങ്ങൾ  സമരസമിതിയുടെ നേതൃത്വത്തിൽ അണനിരക്കുകയും മുൻസിപ്പാലിറ്റിയുടെ വാഗ്ദാനങ്ങൾ കേട്ട് പിൻവലിയുകയും ചെയ്തിരുന്നു. 1998ൽ കിണറിലിറങ്ങിയ മൂന്ന് തൊഴിലാളികൾ മാലിന്യം മൂലമുണ്ടായ വിഷവായു ശ്വസിച്ച് മരിക്കുകയും രൂക്ഷമായ സമരമുണ്ടാവുകയും സമരം ചെയ്തവർ ജയിലിലടക്കപ്പെടുകയും ചെയ്തു. സമരം ശക്തമാകുമ്പോഴെല്ലാം കോർപ്പറേഷൻ അധികൃതർ താൽക്കാലിക പരിഹാരം നിർദേശിച്ച് സമരത്തെ തണുപ്പിക്കുകയാണ് പതിവ്. കോടതി പലതവണ ഇടപെട്ടിട്ടും ഒന്നും ഫലം കണ്ടില്ല.

1992ൽ ജില്ലാകളക്ടറുടെ നേതൃത്വത്തിൽ നടന്ന ചർച്ചയിലാണ് മാലിന്യ സംസ്കരണ പ്ലാന്റ് എന്ന നിർദ്ദേശം ആദ്യം മുന്നോട്ടുവയ്ക്കുന്നത്. എന്നാൽ 2000ൽ വീണ്ടും കോടതി ഇടപെടുന്നതോടെയാണ് 2003ൽ പ്ലാന്റ് യാഥാർത്ഥ്യമാകുന്നത്. എയറോബിക് കമ്പോസ്റ്റിംഗ് സംവിധാനത്തിലൂടെ മാലിന്യം സംസ്കരിക്കുന്നതിനുള്ള ഓർഗൈവർ യന്ത്രമാണ് അന്ന് പദ്ധതിയുടെ ഭാഗമായി ലാലൂരിൽ സ്ഥാപിച്ചത്. 63 ലക്ഷം ചിലവവിട്ട് ജർമ്മനിയിൽ നിന്നും വാങ്ങിയ മൂന്ന് ഓർഗൈവറുകളും ഒരു വർഷത്തിനുള്ളിൽ കേടായി. അതിന്റെ ഭാഗമായി പലർക്കും ലഭിച്ച കമ്മീഷൻ മാത്രം മിച്ചം. നേരത്തെയുള്ള മെഷീനുകൾ റിപ്പയർ ചെയ്യുന്നതിനു പകരം പ്രശ്നപരിഹാരത്തിന് പുതിയ ചില മെഗാപ്രൊജക്റ്റുകളാണ് പിന്നീട് രംഗത്തെത്തിയത്. എ.ഡി.ബി വായ്പ ഉപയോഗിച്ചുള്ള സുസ്ഥിരനനഗരവികസനപദ്ധതി (കെ.എസ്.യു.ഡി.പി) യിൽ ഉൾപ്പെടുത്തി മാലിന്യം സംസ്ക്കരിക്കാനുള്ള അഞ്ചു കോടിയുടെ പദ്ധതിയാണ് പിന്നീട് പരീക്ഷിക്കപ്പെട്ടത്. അതും കുളമായതോടെയാണ് ഡോ. പത്തിയൂർ ഗോപിനാഥ് ലാലൂർ മാതൃകാ പദ്ധതി (ലാംപ്സ്) യുമായി രംഗത്തെത്തുന്നത്. ലാംപ്സിനെതിരെ ആക്ഷേപങ്ങൾ ഉയർന്നുവരുകയും കോർപ്പറേഷന് താത്പര്യമില്ലാതാവുകയും ചെയ്തതോടെ അതും കടലാസിൽ ഉറങ്ങിക്കിടക്കുകയാണ്. പത്തിയൂരിന്റെ പദ്ധതിയിൽ നിർദ്ദേശിച്ചിരുന്ന ആറ് പ്രാദേശിക സംസ്കരണ കേന്ദ്രങ്ങൾക്കെതിരെ ജനങ്ങൾ രംഗത്തെത്തിയതോടെ അത് രണ്ടായി ചുരുങ്ങി. മഴക്കാലത്ത് മാലിന്യങ്ങളിൽ നിന്നും ഒലിച്ചിറങ്ങുന്ന മലിനജലത്തിൽ മുങ്ങിയും വേനൽക്കാലത്ത് മാലിന്യങ്ങൾ കത്തിയുണ്ടാകുന്ന വിഷപ്പുക ശ്വസിച്ചും ലാലൂരുകാരുടെ ദുരിതം തുടരുകയാണ്. ലാംപ്സ് വീണ്ടും പൊടിതട്ടിയെടുത്ത് യാഥാർത്ഥ്യമാക്കുകയും എന്നെന്നേക്കുമായി ലാലൂരിലെ ഈ ദുരിതങ്ങൾക്ക് പരിഹാരം കാണുകയും ചെയ്യുക എന്ന ലക്ഷ്യത്തോടെയാണ് കെ. വേണു ഇപ്പോൾ ഉപവാസ സമരം ആരംഭിച്ചിരിക്കുന്നത്.



ലാലൂർ സമരസമിതി പ്രവർത്തകർ മാലിന്യം നിക്ഷേപിക്കാനെത്തിയ വണ്ടികൾ തടയുന്നു

**63 ലക്ഷം ചിലവവിട്ട് ജർമ്മനിയിൽ നിന്നും വാങ്ങിയ മൂന്ന് ഓർഗൈവറുകളും ഒരു വർഷത്തിനുള്ളിൽ കേടായി. അതിന്റെ ഭാഗമായി പലർക്കും ലഭിച്ച കമ്മീഷൻ മാത്രം മിച്ചം. നേരത്തെയുള്ള മെഷീനുകൾ റിപ്പയർ ചെയ്യുന്നതിനു പകരം പ്രശ്നപരിഹാരത്തിന് പുതിയ ചില മെഗാപ്രൊജക്റ്റുകളാണ് പിന്നീട് രംഗത്തെത്തിയത്**

**ടി.കെ. വാസു**

*(ലാലൂർ മലിനീകരണ വിരുദ്ധ സമര സമിതി ചെയർപേഴ്സൺ)*



മാലിന്യവണ്ടികൾ തടഞ്ഞ ചേലോറ സമരപ്രവർത്തകരെ പോലീസ് നീക്കുന്നു

**1985ൽ കളക്ടർ ആദ്യമായി ചേലോറ നിവാസികളെ ചർച്ചയ്ക്ക് വിളിക്കുകയും ഒരു വർഷത്തെ സാവകാശം തന്നാൽ എല്ലാ മാലിന്യവും നീക്കം ചെയ്യാമെന്ന് ഉറപ്പ് നൽകുകയും ചെയ്തു. ആ ഉറപ്പ് പിന്നീട ഒരു തുടർക്കഥയായി. അത്തരം 115ഓളം ഉറപ്പുകൾ ഇപ്പോൾ സമരസമിതിയുടെ കൈവശമുണ്ട്**

ലാംപ്സ് എത്രയും വേഗം നടപ്പിലാക്കി മാലിന്യപ്രശ്നത്തിന് പരിഹാരം കാണണമെന്നാണ് ഞങ്ങൾ ആവശ്യപ്പെടുന്നത്. ലാലൂരിലെ മാലിന്യനിർമ്മാർജ്ജന പ്രശ്നങ്ങൾ ചർച്ച ചെയ്യുന്നതിന് 2011 നവംബർ 30ന് മുഖ്യമന്ത്രി ഉമ്മൻചാണ്ടി വിളിച്ചു ചേർത്ത യോഗത്തിൽ അംഗീകരിച്ച കാര്യങ്ങൾ അടിയന്തിരമായി നടപ്പിലാക്കുക എന്നതാണ് മുഖ്യകാര്യം. ലാലൂരിലെ മാലിന്യമല നീക്കം ചെയ്യുകയും വികേന്ദ്രീകൃത സംസ്കരണ പദ്ധതി നടപ്പിലാക്കുകയും വേണം. തീരുമാനിക്കപ്പെട്ട പദ്ധതികൾ പ്രാവർത്തികമാക്കും വരെ സമരരംഗത്ത് തുടരാനുള്ള സമരസമിതിയുടെ തീരുമാനത്തെ പിന്തുണച്ചുകൊണ്ട് കെ. വേണു 2012 ഫെബ്രുവരി 14ന് ആരംഭിച്ച നിരാഹാര സത്യാഗ്രഹം വിജയപ്പിക്കുകയും ഞങ്ങളുടെ ലക്ഷ്യമാണ്.

## ചേലോറ

1952 മുതൽ കണ്ണൂർ നഗരത്തിൽ നിന്നുള്ള മാലിന്യങ്ങൾ നിക്ഷേപിക്കുന്ന സ്ഥലമാണ് ചേലോറ. നാട്ടുകാർക്ക് തൊഴിൽ നൽകുന്ന വ്യവസായ സംരംഭമാണ് വരാൻ പോകുന്നതെന്ന് പറഞ്ഞ് അവരിൽ നിന്നും 21 ഏക്കർ സ്ഥലമാണ് അന്ന് ഏറ്റെടുത്തത്. ജോലി കിട്ടുമെന്ന പ്രതീക്ഷയിൽ മിക്ക വരും സ്ഥലം വിട്ടുകൊടുത്തു. ദുർഗന്ധം വന്നു തുടങ്ങിയപ്പോഴാണ് മനുഷ്യമലം കൊണ്ടിടാനുള്ള സ്ഥലമാണ് മുനിസിപ്പാലിറ്റി ഏറ്റെടുത്തതെന്ന് അവർക്ക് മനസിലായത്. അതോടെ തദ്ദേശവാസികൾ ശക്തമായ പ്രതിഷേധങ്ങളുമായി രംഗത്തെത്തി. 1980കൾ മുതൽ കണ്ണൂർ മുനിസിപ്പാലിറ്റിയിൽ നിന്നുള്ള ഖരമാലിന്യങ്ങളെല്ലാം ചേലോറയിൽ വന്നടിയാൻ തുടങ്ങി. സമരം തുടർന്നു.

1985ൽ കളക്ടർ ആദ്യമായി ചേലോറ നിവാസികളെ ചർച്ചയ്ക്ക് വിളിക്കുകയും ഒരു വർഷത്തെ സാവകാശം തന്നാൽ എല്ലാ മാലിന്യവും നീക്കം ചെയ്യാമെന്ന് ഉറപ്പ് നൽകുകയും ചെയ്തു. ആ ഉറപ്പ് പിന്നീട ഒരു തുടർക്കഥയായി. അത്തരം 115ഓളം ഉറപ്പുകൾ ഇപ്പോൾ സമരസമിതി പ്രവർത്തകരുടെ കൈവശമുണ്ട്. പലകാലങ്ങളിലും സമരസമിതി മാലിന്യം തടയുന്നതടക്കമുള്ള നീക്കങ്ങളുമായി രംഗത്ത് വരുകയും ജാമ്യം കിട്ടാത്ത കേസുകൾ അവരുടെ പേരിലെടുത്ത് ഭരണാധികാരികൾ സമരത്തെ തോൽപ്പിക്കാൻ ശ്രമിക്കുകയും ചെയ്തു.

പ്രദേശത്തെ കിണറുകളിലെ കുടിവെള്ളം മലിനപ്പെട്ടതായി മലിനീകരണ നിയന്ത്രണ ബോർഡ് കണ്ടെത്തുകയും പകരം കുടിവെള്ളം വിതരണം ചെയ്യാൻ ഉത്തരവിടുകയും ചെയ്തെങ്കിലും ഒന്നും യാഥാർത്ഥ്യമായില്ല. ഗതികെട്ട സമരസമതി 2011 ഡിസംബർ 26 മുതൽ മാലിന്യവണ്ടികൾ തയാൻ തുടങ്ങി. വികേന്ദ്രീകൃതമായ മാലിന്യങ്ങൾ സംസ്കരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതുവരെ വണ്ടികൾ തടയുമെന്ന നിലപാടിലാണവർ പന്തൽകെട്ടി സമരം തുടങ്ങിയത്. എന്നാൽ 2012 ജനുവരി 19ന് സ്ത്രീകളടക്കമുള്ള അമ്പതോളം സമരപ്രവർത്തകരെ അറസ്റ്റ് ചെയ്തു നീക്കി പോലീസ് കാവലിൽ നാല് ലോറികളിൽ മാലിന്യം ചേലോറയിലെത്തി. സമരസമിതി കെട്ടിയിരുന്ന പന്തലും പോലീസ് പൊളിച്ചുകളഞ്ഞു. മാലിന്യനിക്ഷേപത്തിന് പോലീസ് സംരക്ഷണം വേണമെന്ന കാര്യത്തിൽ എല്ലാ രാഷ്ട്രീയപാർട്ടികളും ഒരുമിച്ചുന്ന് ചോലോറ സമരത്തെ പരാജയപ്പെടുത്താനാണ് ഇപ്പോൾ ശ്രമിക്കുന്നത്.

**ചാലോടൻ രാജീവൻ**

*(മാലിന്യനിക്ഷേപ വിരുദ്ധ ആക്ഷൻ കൗൺസിൽ, ചോലോറ)*

ചേലോറ പഞ്ചായത്തിന്റെ പിന്തുണ ഞങ്ങൾക്ക് ഒട്ടും കിട്ടുന്നില്ല. ചേലോറ പ്രശ്നം പരിഹരിക്കണമെന്ന് ആവേശത്തോടെ സംസാരിക്കുമെങ്കിലും പഞ്ചായത്തിൽ പ്രമേയം പാസ്സാക്കി നടപ്പിലാക്കാനുള്ള ആർജ്ജവം എൽഡിഎഫ് ഭരിക്കുന്ന പഞ്ചായത്ത് കാണിക്കുന്നില്ല. കഴിഞ്ഞമാസം പഞ്ചായത്ത് ഭരണസമിതി യോഗം നടക്കുന്നതിന് തൊട്ടുമുൻപ് 20 പഞ്ചായത്ത് മെമ്പർമാരേയും ഞങ്ങൾ നേരിൽ കാണുകയും പ്രശ്നങ്ങൾ ബോധ്യപ്പെടുത്തുകയും ചെയ്തിട്ടും യോഗത്തിൽ

ഒരു തീരുമാനവുമുണ്ടായില്ല. അതിൽ ജനങ്ങൾക്ക് കടുത്ത പ്രതിഷേധമുണ്ട്. ചേലോറയിൽ മാത്രമെ മാലിന്യം നിക്ഷേപിക്കാൻ സ്ഥലമുള്ളൂ എന്ന നിലപാടിൽ ഉറച്ചുനിൽക്കുകയാണ് കണ്ണൂർ മുനിസിപ്പാലിറ്റി.

അവരുടെ ധാർഷ്ട്യം ജനങ്ങൾ അനുവദിച്ച് കൊടുക്കില്ല. ഇപ്പോൾ അമ്പതിലധികം ദിവസമായി മാലിന്യം ഇവിടേക്ക് വരുന്നില്ല. രണ്ട് ദിവസം പോലീസിനെ ഉപയോഗിച്ച് ബലം പ്രയോഗിച്ച് അവർ മാലിന്യം നിക്ഷേപിച്ചു. മാലിന്യം നിക്ഷേപിക്കാതിരുന്ന കഴിഞ്ഞ അമ്പത് ദിവസം മാണ് 60 വർഷത്തിനിടയിൽ ചേലോറക്കാർ ശുദ്ധവായു ശ്വസിച്ചത്.

ത്. ഇടതുപക്ഷം ഭരിക്കുന്ന ന്യൂമാഹി പഞ്ചായത്ത് പെട്ടിപ്പാലത്ത് മാലിന്യം നിക്ഷേപം നടത്താൻ പാടില്ല എന്ന് പ്രമേയം പാസാക്കി, തലശ്ശേരി മുനിസിപ്പാലിറ്റിക്ക് നോട്ടീസ് നൽകിയിട്ടുണ്ട്. എന്നാൽ നഗരസഭ പാട്ടത്തിനെടുത്ത സ്ഥലമായതിനാൽ എന്തും ചെയ്യാൻ അവകാശമുണ്ട് എന്നാണ് അവർ വാദിക്കുന്നത്.

99 വർഷത്തേക്ക് നഗരസഭ പാട്ടത്തിനെടുത്ത സ്ഥലമാണെങ്കിലും പാട്ടക്കാലവധി രണ്ട് വർഷം മുമ്പ് അവസാനിച്ചിരുന്നു. നിയമപ്രകാരം സ്ഥലം ഇപ്പോൾ റവന്യൂവകുപ്പിന്റെ കൈയിലാണ്. പാട്ടക്കരാർ നീട്ടിക്കിട്ടുമെന്ന പ്രതീക്ഷയിലാണ് മുനിസിപ്പാലിറ്റി

**ലക്ഷക്കണക്കിന് രൂപയുടെ അഴിമതി നടക്കും എന്നതാണ് പെട്ടിപ്പാലത്തെ മാലിന്യ നിക്ഷേപ കേന്ദ്രം കൊണ്ട് മുനിസിപ്പാലിറ്റിക്കും രാഷ്ട്രീയകക്ഷികൾക്കുമുള്ള നേട്ടം. അഴിമതിയുടെ കാര്യത്തിൽ അവിടെ ഭരണ–പ്രതിപക്ഷങ്ങളില്ല. മാലിന്യത്തിന് മുകളിൽ മണ്ണിട്ട് നികത്തുന്നതിനായി ജെ.സി.ബി വാങ്ങി എന്നെല്ലാം രേഖകളിൽ മാത്രമാണ് പറയുന്നത്. ഒരു ജെ.സി. ബിയും ഇതുവരെ പെട്ടിപ്പാലത്തുകാർ കണ്ടിട്ടില്ല**

## പെട്ടിപ്പാലം

തലശ്ശേരി മുൻസിപ്പാലിറ്റിയിലെ മാലിന്യങ്ങൾ നിക്ഷേപിക്കുന്ന ന്യൂമാഹി പഞ്ചായത്തിലെ പെട്ടിപ്പാലവും ഇന്ന് ഒരു സമരമുഖമാണ്. 60 വർഷമായി മാലിന്യനിക്ഷേപം നടക്കുന്ന പെട്ടിപ്പാലത്തെ ഈ എട്ട് ഏക്കർ സ്ഥലം കടൽത്തീരത്തിനോട് ചേർന്നാണ് കിടക്കുന്നത്. തീരദേശ നിയന്ത്രണ നിയമപ്രകാരം CRZ 111ൽ വരുന്ന സ്ഥലമാണിത്. 20 മീറ്റർ മാത്രമാണ് മാലിന്യം നിക്ഷേപിക്കുന്ന സ്ഥലത്ത് നിന്നും കടൽത്തീരത്തേക്കുള്ള ദൂരം. അവിടെ പ്ലാന്റ് നിർമ്മിച്ച പ്രശ്നം പരിഹരിക്കാനുള്ള ശ്രമമാണ് ഇപ്പോൾ നടക്കുന്നത്. എന്നാൽ CRZ 111ൽ വരുന്ന പ്രദേശത്ത് മാലിന്യസംസ്കരണ പ്ലാന്റ് നിർമ്മിക്കാൻ കടമ്പകൾ ഒരുപാട് കടക്കേണ്ടിവരും. എന്നാൽ പെട്ടിപ്പാലത്ത് പ്ലാന്റ് വേണ്ടെന്നും തലശ്ശേരി നഗരത്തിലെ മാലിന്യങ്ങൾ അവിടെ തന്നെ പരിഹരിക്കണമെന്നുമാണ് പെട്ടിപ്പാലത്ത് സമരം ചെയ്യുന്ന ജനകീയ ആരോഗ്യസമിതിയും വിശാല സമര മുന്നണിയും ആവശ്യപ്പെടുന്ന പ്ലാന്റ് നിർമ്മിക്കുന്നതടക്കമുള്ള നീക്കങ്ങൾ നടത്തുന്നത്. സമരത്തിന്റെ ഭാഗമായി 110 ദിവസമായി മാലിന്യം നിക്ഷേപം നിലച്ചിരിക്കുകയാണ്. മാലിന്യം നീങ്ങാതായതോടെ തലശ്ശേരിയിലും നഗരപ്രദേശത്ത് താമസിക്കുന്ന ജനങ്ങൾ അവരുടെ മാലിന്യങ്ങൾ സ്വയം സംസ്കരിക്കാൻ മുന്നോട്ട് വന്നിട്ടുണ്ട്. അനുരഞ്ജന ചർച്ചകൾക്കൊന്നും തങ്ങളില്ലെന്നും വികേന്ദ്രീകൃതമായ മാലിന്യസംസ്കരണ പദ്ധതികൾ രൂപീകരിച്ച് പ്രശ്നത്തിന് പരിഹാരം കാണാതെ സമരത്തിൽ നിന്നും പിന്നോട്ടില്ല എന്ന നിലപാടിലുമാണ് സമരസമിതികൾ.

**പ്രേമൻ പാതിരിയാട്**
*(സമരസഹായ സമിതി, പെട്ടിപ്പാലം)*

വളരെ വർഷങ്ങളായി തദ്ദേശീയരുടെ മുൻകൈയിൽ പെട്ടിപ്പാലത്ത് സമരം നടക്കുന്നുണ്ട്. തീരദേശമാണിത്. പെട്ടിപ്പാലത്തെ സമ്പന്നരായ ഗൾഫ് കുടുംബങ്ങളും (പ്രത്യേകിച്ച് സ്ത്രീകൾ) ദരിദ്രരായ മുക്കുവരും ഒരുപോലെ അണിനിരക്കുന്ന സമരമാണ് ഇവിടെ ഇപ്പോൾ നടക്കുന്നത്. അവരുടെ വായു മലിനമായി, കുടിവെള്ളം മലിനമായി, രോഗങ്ങളും പടർന്നുപിടിച്ചുതുടങ്ങി. 110 ദിവസമായി മാലിന്യനീക്കം നിലച്ചിട്ടും തലശ്ശേരി ടൗണിൽ വലിയ പ്രശ്നങ്ങളൊന്നുമുണ്ടായില്ല. മാലിന്യങ്ങൾ റോഡിലെങ്ങും വലിയ തോതിൽ കാണാനില്ല. തലശ്ശേരിയിലെ ജനങ്ങൾക്ക് പെട്ടിപ്പാലത്തെ പ്രശ്നത്തിന്റെ രൂക്ഷത മനസ്സിലായിത്തുടങ്ങിയിരിക്കുന്നു എന്നാണ് ഇത് കാണിക്കുന്നത്. വികേന്ദ്രീകൃതമായി സംസ്കരിക്കാൻ കഴിയുന്ന മാലിന്യങ്ങൾ മാത്രമേ തലശ്ശേരി ടൗണിൽ ഉണ്ടാകുന്നുള്ളൂ. എന്നിട്ടും പെട്ടിപ്പാലത്ത് പ്ലാന്റ് സ്ഥാപിച്ചുകൊണ്ടുതന്നെ പ്രശ്നം പരിഹരിക്കണമെന്ന താത്പര്യം ചിലർക്കുള്ളതാണ് പ്രശ്നം. പാട്ടഭൂമിയായി വർഷങ്ങളായി കൈവച്ചിരിക്കുന്ന സ്ഥലം നഷ്ടപ്പെട്ടുപോകുമോ എന്ന ഭയമാണ് മുനിസിപ്പാലിറ്റിക്കുള്ളത്. സി.പിഎമ്മാണ് രണ്ടിടത്തും ഭരിക്കുന്നത്. ജനകീയ സമരത്തിന്റെ ഫലമായി പ്രശ്നം പരിഹരിക്കപ്പെട്ടു എന്ന ദുരഭിമാനവും അവരെ വേട്ടയാടുന്നുണ്ട്.

ലക്ഷക്കണക്കിന് രൂപയുടെ അഴിമതി നടക്കും എന്നതാണ് പെട്ടിപ്പാലത്തെ മാലിന്യ നിക്ഷേപ കേന്ദ്രം കൊണ്ട് മുനിസിപ്പാലിറ്റിക്കും രാഷ്ട്രീയകക്ഷികൾക്കുമുള്ള നേട്ടം. അഴിമതിയുടെ കാര്യത്തിൽ അവിടെ ഭരണ–പ്രതിപക്ഷങ്ങളില്ല. മാലിന്യത്തിന് മുകളിൽ മണ്ണിട്ട് നികത്തുന്നതിനായി ജെ.സി.ബി വാങ്ങി എന്നെല്ലാം രേഖകളിൽ മാത്രമാണ് പറയുന്നത്. ഒരു ജെ.സി.ബിയും ഇതുവരെ പെട്ടിപ്പാലത്തുകാർ കണ്ടിട്ടില്ല.

നേട്ടകോട്ടങ്ങൾ നോക്കാതെ സമരത്തിൽ ഉറച്ചുനിൽക്കുന്ന വിശാലമായ ഒരു സമരമുന്നണിയാണ് പെട്ടിപ്പാലത്തുള്ളത്. സമരവുമായി ഏത്രദൂരം പോകാനും അവർ തയ്യാറാണ്. സമരത്തിനൊപ്പം തുണിസഞ്ചികൾ തുന്നി വിതരണം ചെയ്യുക, മാലിന്യപ്രശ്നത്തെക്കുറിച്ചും വികേന്ദ്രീകൃത സംസ്കരണത്തെക്കുറിച്ചും ബോധവത്കരണം നടത്തുക തുടങ്ങിയ പ്രവർത്തനങ്ങളും സമരക്കാർ നടത്തുന്നുണ്ട്.

## ഞെളിയൻപറമ്പ്

കോഴിക്കോട് നഗരത്തിന്റെ മാലിന്യങ്ങൾ 60 വർഷമായി പേറുന്ന ഞെളിയൻപറമ്പിന് അടുത്തെവിടെയും മൂക്കുപൊത്താതെ പോകാൻ കഴിയാത്ത

സ്ഥിതിയാണിപ്പോഴുള്ളത്. ഇവിടെയും നടക്കുന്ന നാട്ടുകാരുടെ സമരത്തിനും വർഷങ്ങളുടെ പഴക്കമുണ്ട്. ചെറുവണ്ണൂർ – നല്ലളം പഞ്ചായത്തിന്റെ ഭാഗമായിരുന്ന ഞെളിയൻപറമ്പ് പിന്നീട് കോർപ്പറേഷനിൽ ലയിപ്പിച്ചതോടെ മാലിന്യം പ്രശ്നവും കോർപ്പറേഷനുള്ളിൽ തന്നെയായി. കോർപ്പറേഷന്റെ മാലിന്യം പഞ്ചായത്തിൽ തള്ളുന്നു എന്ന പരാതി അവസാനിപ്പിക്കുക എന്ന ഗൂഢലക്ഷ്യവും ഈ നീക്കത്തിന് പിന്നിലുണ്ടായിരുന്നു. സമരത്തെ പൊളിക്കാൻ പല തരത്തിലുള്ള തന്ത്രങ്ങളും രാഷ്ട്രീയകക്ഷികൾ ഇപ്പോഴും നടത്തുന്നുണ്ട്.

പ്രതിദിനം 300 ടൺ മാലിന്യങ്ങൾ ഇപ്പോഴും ഞെളിയൻപറമ്പിലേക്ക് വന്നുകൊണ്ടിരിക്കുകയാണ്. കോർപ്പറേഷനിലെ 52 വാർഡുകളിൽ നിന്നായി 40 ൽ ഏറെ ലോറികൾ വരുന്നു. മാലിന്യം ഒലിച്ചിറങ്ങി ഇപ്പോൾ സമീപത്തുള്ള പറമ്പുകളും മലിനമായിരിക്കുകയാണ്. ഞെളിയൻപറമ്പിൽ നിന്നും ഒഴുകുന്ന കുറുത്തിരുണ്ട വെള്ളം വന്നുചേരുന്നത് ചാലിയാറിന്റെ കൈവഴിയായ ചെറുപുഴയിലേക്കാണ് എന്ന വസ്തുതയും ഇപ്പോൾ ആരേയും ഞെട്ടിക്കുന്നില്ല. ഞെളിയൻപറമ്പിൽ കെട്ടികിടക്കുന്ന മാലിന്യങ്ങൾ കുറയ്ക്കാനായി അവയ്ക്കു മുകളിൽ തളിക്കുന്ന ന്യൂട്രോഡർ എന്ന രാസവിഷമുണ്ടാക്കുന്ന രാസദുരന്തവും നാട്ടുകാരെ കാത്തിരിക്കുന്നുണ്ട്. തുടർച്ചയായ സമരങ്ങളെ തുടർന്ന് 2000ൽ ആണ് ഞെളിയൻപറമ്പിൽ പ്ലാന്റ് യാഥാർത്ഥ്യമാകുന്നത്. പ്ലാന്റ് ഉപയോഗിച്ച് കമ്പോസ്റ്റുണ്ടാക്കുമെന്നും പാചവാതകമുണ്ടാക്കുമെന്നെല്ലാം പറഞ്ഞിരുന്നെങ്കിലും ഒന്നും കാര്യക്ഷമമായി നടന്നില്ല. സംസ്കരിച്ച ശേഷം അവശേഷിക്കുന്ന മാലിന്യങ്ങൾ മണ്ണിട്ടുമൂടി അതിനുമുകളിൽ പച്ചക്കറി നടാനുള്ള ശ്രമവും പരാജയപ്പെട്ടു. എല്ലാത്തിനും ചിലവാക്കിയത് കോടികൾ.



**രാംകി കമ്പനിയുമായി 15 വർഷത്തേക്ക് നാലുകോടി രൂപയുടെ കരാർ ഒപ്പിടുകയും 2007ൽ പ്ലാന്റ് പ്രവർത്തനമാരംഭിക്കുകയും ചെയ്തു. മാലിന്യങ്ങളിൽ നിന്നും വളം നിർമ്മിക്കുകയായിരുന്നു കമ്പനിയുടെ ലക്ഷ്യം. വളം നിർമ്മാണം തുടങ്ങിയതോടെ പ്രശ്നങ്ങൾ രൂക്ഷമായി. മാലിന്യങ്ങൾക്ക് മുകളിൽ ഒന്നരമാസത്തോളം മരുന്നും പൊടിയും തളിച്ചാണ് വളം നിർമ്മിക്കുന്നത്. ആ പ്രവർത്തി തുടങ്ങിയതോടെ നാടുമുഴുവൻ ദുർഗന്ധം വ്യാപിക്കുകയും പൊതുവഴിയിലേക്ക് കറുത്തമലിനജലം ഒഴുകാൻ തുടങ്ങുകയും ചെയ്തു**

**വി.പി. ബഷീർ**
*(കൺവീനർ, സമരസമിതി, ഞെളിയൻപറമ്പ്)*

കോർപ്പറേഷന്റെ കറവപശുവാണ് ഞെളിയൻപറമ്പ്. വികേന്ദ്രീകൃതമായ പരിഹാരങ്ങൾ കാണാൻ അവർക്ക് താത്പര്യമില്ലാത്തതും അതുകൊണ്ടാണ്. ലോക ബാങ്കിന്റെ ഫണ്ട് കിട്ടുന്ന വൻ പരിപാടികളാണ് അവർക്ക് താത്പര്യം. സമരം പലകാലത്തും സജീവമായിരുന്നു. എന്നാലിപ്പോൾ നാട്ടുകാർ പലരും പിൻവലിഞ്ഞുതുടങ്ങി. 300ഓളം സമരക്കാരുടെ പേരിൽ 67 കേസുകൾ നിലനിൽക്കുന്നുണ്ട്. സമരത്തെ പൊളിക്കാനായി കരുതിക്കൂട്ടിയുണ്ടാക്കിയതാണ് പല കേസുകളും. പഞ്ചായത്ത് അവരുടെ അധികാരമുപയോഗിച്ച് മാലിന്യം നിക്ഷേപം തടയണമെന്നുപറഞ്ഞായിരുന്നു ഞങ്ങൾ ആദ്യം സമരം ചെയ്തിരുന്നത്. പഞ്ചായത്ത് കോർപ്പറേഷനിൽ ലയിപ്പിച്ചതോടെ അതും സാധ്യമല്ലാതെയായി. അതും സമരത്തെ പൊളിക്കാനുള്ള ഗൂഢലക്ഷ്യത്തിന്റെ ഭാഗമായിരുന്നു. നാട്ടുകാരുടെ പിന്തുണ ഇപ്പോഴും സമരസമിതിക്കുണ്ട്. ശക്തമായ സമരങ്ങൾ സംഘടിപ്പിക്കാനുള്ള ശ്രമത്തിലാണ് ഞങ്ങൾ.

## വടവാതൂർ

കോട്ടയം ജില്ലയിലെ പള്ളം ബ്ലോക്കിന് കീഴിൽ വരുന്ന വിജയപുരം പഞ്ചായത്തിലെ വടവാതൂരും കുറച്ചുനാളുകളായി ഒരു മാലിന്യവിരുദ്ധ സമരമുഖമാണ്. കോട്ടയം മുനിസിപ്പാലിറ്റിയിലെ മാലിന്യങ്ങൾ ചുമക്കാൻ വിധിക്കപ്പെട്ട വടവാതൂരിനും പറയാനുള്ളത് അഴിമതിയുടെയും കേന്ദ്രീകൃത മാലിന്യസംസ്കരണ കമ്പനികളുടെ ചതിയുടെയും കഥകളാണ്. 1921 ൽ കോട്ടയം മുനിസിപ്പാലിറ്റി രൂപീകരിക്കുന്നതിന് മുമ്പ് പോലും നഗരമാലിന്യങ്ങൾ നിക്ഷേപിച്ചിരുന്ന സ്ഥലമാണ് വടവാതൂർ. നാട്ടുകാരുടെ പ്രതിഷേധം രൂക്ഷമായപ്പോൾ എല്ലാ സ്ഥലത്തേയും പോലെ ഇവിടെയും മുനിസിപ്പാലിറ്റി മാലിന്യസംസ്കരണ പ്ലാന്റ് സ്ഥാപിച്ചു.

രാംകി കമ്പനിയുമായി 15 വർഷത്തേക്ക് നാലുകോടി രൂപയുടെ കരാർ ഒപ്പിടുകയും 2007ൽ പ്ലാന്റ് പ്രവർത്തനമാരംഭിക്കുകയും ചെയ്തു. മാലിന്യങ്ങളിൽ നിന്നും വളം നിർമ്മിക്കുകയായിരുന്നു കമ്പനിയുടെ ലക്ഷ്യം. പക്ഷെ വളം നിർമ്മാണം തുടങ്ങിയതോടെ പ്രശ്നങ്ങൾ രൂക്ഷമായി. മാലിന്യങ്ങൾക്ക് മുകളിൽ ഒന്നരമാസത്തോളം മരുന്നും പൊടിയും തളിച്ചാണ് വളം നിർമ്മിക്കുന്നത്. ആ പ്രവർത്തി തുടങ്ങിയതോടെ നാടുമുഴുവൻ ദുർഗന്ധം വ്യാപിക്കുകയും പൊതുവഴിയിലേക്ക് കറുത്തമലിനജലം ഒഴുകാൻ തുടങ്ങുകയും ചെയ്തു. പദ്ധതി പാളി. നാട്ടിൽ രോഗങ്ങൾ പടർന്നുപിടിക്കാൻ തുടങ്ങിയതോടെ ജനങ്ങൾ ആക്ഷൻ കൗൺസിൽ രൂപീകരിച്ച് സമരം തുടങ്ങി. മാലിന്യവണ്ടികൾ തടഞ്ഞു. വിഷയം ഹൈക്കോടതിയിലെത്തുകയും കോടതി നിർദ്ദേശപ്രകാരം പ്ലാന്റിന്റെ പ്രവർത്തനം നിർത്തിവയ്ക്കുകയും ചെയ്തു. നിക്ഷേപം മാത്രമാണ് ഇപ്പോൾ നടക്കുന്നത്. മഴക്കാലമാകും മുമ്പ് പരിഹാരം കാണാം എന്ന ഉറപ്പിൽ ജനങ്ങൾ താത്കാലികമായി മൗനം പാലിച്ചിരിക്കുകയാണ്.

**എൻ. ജീവകുമാർ**
*(പഞ്ചായത്ത് പ്രസിഡന്റ്,*
*വിജയപുരം)*

അറുപത് കൊല്ലമായുള്ള മാലിന്യങ്ങൾ വടവാതൂരിലെ ഡംപിംഗ് യാർഡിൽ കെട്ടികിടക്കുകയാണ്. മുൻസിപ്പാലിറ്റി എത്രയും വേഗം അതിന് പരിഹാരം കാണണമെന്നാണ് പഞ്ചായത്തിന്റെ ആവശ്യം. മുനിസിപ്പാലിറ്റി നടപടിയെടുക്കാത്തതിനെതിരെ ഞങ്ങൾ ഹൈക്കോടതിയിൽ കേസുകൊടുത്തിട്ടുണ്ട്. കേസുമായി മുന്നോട്ട് പോകാൻ തന്നെയാണ് പഞ്ചായത്തിന്റെ തീരുമാനം. മുനിസിപ്പാലിറ്റിയും പഞ്ചായത്തും കോൺഗ്രസ് ഭരിക്കുന്നതിനാൽ കേസ് പിൻവിലിക്കുമെന്ന് പലരും പറഞ്ഞുപരത്തിയിരുന്നു. എന്നാൽ ജനങ്ങളുടെ ഈ പ്രശ്നത്തിൽ പഞ്ചായത്തിന് രാഷ്ട്രീയ നിലപാടില്ല. പഞ്ചായത്തും മുനിസിപ്പാലിറ്റിയും സംസ്ഥാനവും ഭരിച്ചിട്ടും പ്രശ്നത്തിന് പരിഹാരം കാണാതിരുന്ന സിപി.എം ഇപ്പോൾ ഭരണം കൈവിട്ടശേഷം വടവാതൂർ സമരം ഏറ്റെടുത്തിരിക്കുകയാണ്. അവരുടെ രാഷ്ട്രീയ തന്ത്രത്തിൽ പ്രതിഷേധിച്ച് നാട്ടുകാർ രൂപീകരിച്ച ആക്ഷൻകൗൺസിൽ സിപി.എം നടത്തുന്ന സമരത്തിൽ നിന്നും വിട്ടുനിൽക്കുകയാണ്. മെയ് മാസത്തിനുള്ളിൽ പ്രശ്നം പരിഹരിച്ചില്ലെങ്കിൽ ആക്ഷൻ കൗൺസിൽ ശക്തമായ സമരവുമായി രംഗത്തെത്തും. പഞ്ചായത്തും അവരോടൊപ്പമുണ്ടാകും.

## ലിസ്റ്റ് അപൂർണ്ണം

മാലിന്യപ്രശ്നത്തിന്റെ പേരിൽ ആശാന്തമായിക്കൊണ്ടിരിക്കുന്ന ഗ്രാമങ്ങൾ കേരളത്തിൽ ഇനിയുമുണ്ടേറെ. പ്രശ്നങ്ങൾ എല്ലായിടത്തും സമാനം, അഴിമതി, രാഷ്ട്രീയകുതന്ത്രങ്ങൾ, കേന്ദ്രീകൃതമാലിന്യ സംസ്കരണത്തിന്റെ പരാജയം, നഗരങ്ങളോടുള്ള വരേണ്യ പക്ഷപാതിത്വം. ബ്രഹ്മപുരം (എറണാകുളം), വെട്ടേക്കാട്(മലപ്പുറം), ചെമ്മട്ടംവയൽ(കാസർകോട്), ചക്കംകണ്ടം (ഗുരുവായൂർ), കണിയാമ്പറ്റ (വയനാട്), കുരീപ്പുഴ (കൊല്ലം)..ഇനിയും ഒത്തിരിയൊത്തിരി ബാക്കി...

## ഒറ്റ ക്ലിക്കിൽ കുപ്പത്തൊട്ടി

വൃത്തിയില്ലാത്തവരെന്ന് മലയാളികൾ ആക്ഷേപിക്കുന്ന തമിഴ്നാട്ടിൽ നിന്നും ഇതാ മാലിന്യപ്രശ്നത്തിന് ഒരു ചെറുപോംവഴി! സാങ്കേതികവിദ്യയുടെ കാലത്ത് വെബ് പോർട്ടൽ വഴി മാലിന്യനിർമ്മാർജ്ജനം സാധ്യമാക്കിയിരിക്കുകയാണ് കുപ്പത്തൊട്ടി.കോം (kuppathotti.com). തിരുനെൽവേലി രാധാപുരം സ്വദേശി ജോസഫ് ജഗനും ഭാര്യ സുജാതയുമാണ് രാജ്യത്തെ ഈ ആദ്യ ഓൺലൈൻ സംരഭത്തിന് തുടക്കമിട്ടത്. 2011 നവംബർ 11ന് ചെന്നൈ അശോക്നഗർ ഫോർത്ത് അവന്യൂ കേന്ദ്രമാക്കി പ്രവർത്തനമാരംഭിച്ച കുപ്പത്തൊട്ടി.കോമിൽ 25,000 പേർ ഓൺലൈൻ അംഗത്വം എടുത്തു കഴിഞ്ഞു. നിങ്ങൾക്ക് ഉപേക്ഷിക്കാനുള്ള മാലിന്യങ്ങളുടെ (പ്ലാസ്റ്റിക്, പഴയ കടലാസ്സുകൾ, കാർഡ് ബോർഡ് പെട്ടികൾ, ഇരുമ്പ്-അലുമിനിയം അവശിഷ്ടങ്ങൾ, പഴയ ഇലക്ട്രിക് ഉല്പന്നങ്ങൾ തുടങ്ങി കമ്പ്യൂട്ടർ മാലിന്യം വരെയുള്ള ഗാർഹികമാലിന്യങ്ങൾ) വിശദാംശങ്ങൾ വെബ് പോർട്ടലിലൂടെ കൈമാറിക്കഴിഞ്ഞാൽ നിങ്ങളുടെ ജോലി കഴിഞ്ഞു. ശേഷം കുപ്പത്തൊട്ടി.കോമിന്റെ എക്സിക്യൂട്ടീവുകൾ മാലിന്യവണ്ടിയുമായി ആവശ്യക്കാരുടെ വീടുകളിലെത്തും. പിന്നെ നിശ്ചയിച്ച വിലനിരവാരത്തിനനുസരിച്ച് വിലനൽകി മടങ്ങുന്നു. പ്ലാസ്റ്റിക് മാലിന്യം ആൾവാർ തിരുനഗറിലുള്ള ഗോഡൗണിൽ എത്തിച്ച് വേർതിരിച്ച് വൃത്തിയാക്കിയ ശേഷം വൻകിട റീസൈക്ലിംങ് ശാലകൾക്ക് മൊത്തമായി വിൽക്കും. നിലവിൽ 13 ഫീൽഡ് സ്റ്റാഫുണ്ട് കുപ്പത്തൊട്ടി.കോമിന്. മാലിന്യത്തെക്കുറിച്ച് വിവരം ലഭിച്ചാൽ എത്രയും വേഗം ഏറ്റെടുക്കാനുള്ള നടപടിയുണ്ടെന്നത് കുപ്പത്തൊട്ടിയെ അനുകരണീയമായ മാതൃകയാക്കുന്നു.

## ചെറുജീവികളുടെ വലിയ ജോലി

2007ൽ കൊച്ചിയെ കുഴക്കിയ മാലിന്യപ്രശ്നത്തിന്റെ സമയത്താണ് ഖരമാലിന്യസംസ്കരണത്തെക്കുറിച്ച് നഗരം ഗൗരവമായി ആലോചിക്കുന്നത്. ക്രെഡായി കൊച്ചി എന്ന കൊച്ചിയിലെ റിയൽ എസ്റ്റേറ്റ് ഡെവലപ്പർമാരുടെ സംഘടനയാണ് ദീർഘവീക്ഷണത്തോടു കൂടി പരിസ്ഥിതി സൗഹാർദ്ദപരമായി മാലിന്യം നിർമ്മാർജ്ജനം ചെയ്യുന്നതിനുള്ള ക്രെഡായി ക്ലീൻ സിറ്റി മൂവ്മെന്റ് പദ്ധതിയുമായി രംഗത്തെത്തിയത്.

സമൂഹത്തിലെ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന സ്ത്രീകൾക്ക് ഒരു ജോലി എന്ന നിലയിൽക്കൂടിയാണ് ഈ സംരംഭം ഇവർ തുടങ്ങിയത്. ബാക്ടീരിയകളെ ഉപയോഗിച്ചുള്ള വിഘടനരീതിയാണ് ഇവർ അവലംബിച്ചിരിക്കുന്നത്. ഗവൺമെന്റിന്റെ ക്ലീൻ കേരളാ മിഷൻ അംഗീകരിച്ച് പരിശോധിച്ചതു കൂടിയാണ് ഈ രീതി.

ആദ്യം ചില തെരഞ്ഞെടുക്കപ്പെട്ട അപ്പാർട്ട്മെന്റുകളിൽ മാത്രം പ്രാവർത്തികമാക്കിയ പദ്ധതി ഇപ്പോൾ കൊച്ചിയിലെ 70 ശതമാനം അപ്പാർട്ട്മെന്റുകളിൽ നടപ്പിലാക്കിയിട്ടുണ്ട്. ബയോബിൻ എന്ന് പറയുന്ന 3 അടി വീതിയും 2.5 അടി ഉയരവുമുള്ള മാലിന്യശേഖരണപ്പെട്ടികളിൽ ജൈവമാലിന്യങ്ങൾ നിറച്ച് അതിൽ സൂക്ഷ്മാണുക്കളുടെ ലായനി തളിക്കുന്നു. 15-20 ദിവസത്തിനുള്ളിൽ ഈ മാലിന്യം വിഘടിച്ച് ഉഗ്രൻ ജൈവവളമാകുന്നു. ഏകദേശം 250-ാളം സ്ത്രീകൾക്ക് ജോലി കൂടി നൽകുന്ന ഈ രീതി ഓരോ നഗരത്തിനും അവലംബിക്കാവുന്നതാണ്.

*ബന്ധങ്ങൾക്ക്: 9447033360*